# ACADEMIC MASTER PLAN 2025 - 26

KARIMANCODE U.P.S

**Academic Master Plan 2024-25**
**English**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ളീഷ് മനസ്സിലാക്കാനും സംസാരിക്കാനുമുള്ള അവസരം ഒരുക്കുന്നു | * Breaking news<br>ഇംഗ്ളീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.ശരിയായ ഉച്ചാരണം മനസ്സിലാക്കാൻ അവസരം ഒരുക്കുന്നു | | ഇംഗ്ളീഷ് അദ്ധ്യാപിക | |
| | * Follow mew if you can !<br>ഇംഗ്ളീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു | ജൂൺ മാസം | ഇംഗ്ളീഷ് അദ്ധ്യാപിക | |
| | *Treasure Hunt<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളുണ്ടാക്കുന്നു. ഓരോന്നിനും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. മറ്റ് കുട്ടികൾ വസ്തു തിരിച്ചറിയുന്നു. | ആഗസ്റ്റ് | ഇംഗ്ളീഷ് അദ്ധ്യാപിക | |
| | *English assembly | എല്ലാ മാസവും | | |
| ഇംഗ്ളീഷ് വായന പ്രോൽസാഹിപ്പിക്കുന്നു | *വിവിധ വായനാകാർഡുകൾ തെറ്റ് കൂടാതെ വായിക്കാൻ അവസരം ഒരുക്കുന്നു.<br>*വ്യത്യസ്തമായ കഥകൾ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br>*ഇംഗ്ളീഷ് ദിനപത്രം വായിക്കുവാൻ അവസരം ഒരുക്കുന്നു. | | | |
| തെറ്റ് കൂടാതെ ഇംഗ്ളീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | *സൂചനാബോർഡുകൾ,പോസ്റ്ററുകൾ,നോട്ടീസുകൾ എന്നിവ പ്രദർശിപ്പിക്കുന്നു.<br>* Run baby run<br>ക്ലാസ്സിനെ ഗ്രൂപ്പുകളായി തിരിക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചശേഷം മറ്റൊരു ചാർട്ടിലേയ്ക്ക് തെറ്റുകൂടാതെ എഴുതുന്നു.ഏറ്റവും ആദ്യം വാക്കുകൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>* മാഗസിൻ തയ്യാറാക്കൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ളീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | *കഥ പറയൽ, എഴുത്ത് Roleplay, skit, പ്രസംഗം തുടങ്ങിയ പ്രവർത്തനങ്ങൾ<br>*ഇംഗ്ളീഷ് സിനിമാപ്രദർശനം | ഇംഗ്ളീഷ് പീരീഡുകളിൽ | ഇംഗ്ളീഷ് അദ്ധ്യാപിക | |

# മലയാളം
## അക്കാദമിക് മാസ്റ്റർ പ്ലാൻ 2024-25

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം,അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ | മലയാളം അദ്ധ്യാപകർ | |
| 2 പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു | **വാർത്താലോകത്ത്** പത്രം,ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ | |
| 3 പൊതുവിജ്ഞാനം ഉറപ്പ് വരുത്തുന്നു. | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ , ക്ലാസ്സ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ 3 പ്രാവശ്യം | | |
| 4 പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്ക്കാരം** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ, കവിതകൾ, കഥകൾ എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക് വർഷം | അദ്ധ്യാപകർ | |
| 5 സർഗ്ഗാത്മകശേഷി വളർത്തുന്നു | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച്കൊണ്ട് സ്കൂൾ മാഗസീൻ തയ്യാറാക്കുന്നു | വർഷാവസാനം | അദ്ധ്യാപകർ | PTA |

# സംസ്കൃതം
## അക്കാദമിക് മാസ്റ്റർ പ്ലാൻ 2024-25

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കിൽ | 1 ഭാഷാജ്ഞാനം<br>* അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരകാർഡ്<br>* വാക്കുകൾ എഴുതിയ കാർഡ്<br>* ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>* അക്ഷരമരം നിർമ്മിക്കൽ<br>* പാട്ടുകളും കഥകളും കേൾപ്പിക്കൽ | ജൂൺ-ആഗസ്റ്റ് | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ICT | PTA |
| 2 പറയാം പഠിക്കാം | * ചിത്രങ്ങളുടെ പേര് പറയൽ<br>* ലഘുസംഭാഷണങ്ങൾ<br>* നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | സെപ്റ്റംബർ | ICT | |
| 3 വീട് ഒരു പരീക്ഷണശാല (കാണിന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | * വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുളള അവസരം | സെപ്റ്റംബർ-ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 4 മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം | സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ USS പരീക്ഷ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ<br>* ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>* മാതൃകാചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു | ജനുവരി-ഫെബ്രുവരി | പാഠപുസ്തകം<br>ICT | |
| 5 സംസ്കൃത അസംബ്ലി | * വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ | | പാഠപുസ്തകം<br>ICT | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ 2024-25**

**യു പി ഗണിതം** **കരിമൺകോട് യു പി എസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മഞ്ചാടിക്കുരു,മുത്ത്,ഫ്ളാഷ് കാർഡ് ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ | |
| | | | | |

**സയൻസ്**
**അക്കാദമിക് മാസ്റ്റർ പ്ലാൻ 2024-25**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധ തോട്ടം, പച്ചക്കറിതോട്ടം, ശലഭോദ്യാനം മുളകൾ കൊണ്ടുള്ള വേലി എന്നിവ ഉൾക്കൊളളിച്ച്കൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം<br><br>**പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു.പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം<br><br>ജൂൺ മുതൽ | അദ്ധ്യാപകർ സയൻസ് ക്ലബ്ബ്<br><br>ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | PTA |
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക | വിവിധ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമികവർഷം | ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമികവർഷം | ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2024-25

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധ തോട്ടം, പച്ചക്കറിതോട്ടം, ശലഭോദ്യാനം മുളകൾ കൊണ്ടുള്ള വേലി എന്നിവ ഉൾക്കൊള്ളിച്ച്കൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം | അക്കാദമിക വർഷം | അദ്ധ്യാപകർ<br>കുട്ടികൾ<br>PTA | PTA |

**അക്കാദമിക് മാസ്റ്റർ പ്ലാൻ 2024-25**

**യു.പി സാമൂഹ്യശാസ്ത്രം** **കരിമൺകോട് യു.പി.എസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേയ്ക്ക്**<br>ഗ്രാമസഭാ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളുടെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **പുതുചക്രവാളത്തിലേയ്ക്ക്**<br>മത്സരബുദ്ധിയുടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ട് എന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

**അക്കാദമിക് മാസ്റ്റർപ്ലാൻ**

**ഹിന്ദി**

**കരിമൺകോട് യു.പി.എസ്**

**മേഖല : ഭാഷാപഠനം** **ഉപമേഖല : ഹിന്ദി ഭാഷാപഠനം**

---

**ലക്ഷ്യങ്ങൾ :**

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക
2. എല്ലാ കുട്ടികൾക്കും ഹിന്ദി രസകരമായും ആസ്വാദകരമായും ഫലപ്രദവുമായും എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
3. ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
4. വിദ്യാലയങ്ങളിൽ ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കുകയും ഹിന്ദി ഭാഷ ധാരാളം കേൾക്കുവാനും ഭാഷയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുവാനും ആയത് പഠനപ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാകുകയും ചെയ്യുക

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല<br>സാമ്പത്തികം<br>മോണിറ്ററിംഗ്<br>പിന്തുണ |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുക | ഭാഷാപരമായ പിന്നോക്കാവസ്ഥ മനസ്സിലാക്കുന്നതിനായി കുട്ടികളിൽ വ്യക്തിഗത സർവേ നടത്തുക. 6 7 ക്ലാസുകളിലെ കുട്ടികളിൽ രണ്ടുവർഷത്തെ ഓൺലൈൻ പഠനം കൊണ്ട് മാത്രം ആർജിക്കുവാൻ കഴിയാതെ പോയ കാര്യങ്ങൾ കണ്ടെത്തേണ്ടതും ആയതിന് പരിഹാരം ഉണ്ടാക്കേണ്ടതും പരമപ്രധാനമാണ് . വളരെ മികച്ച നിലവാരത്തിലുള്ള കുട്ടികൾക്കല്ലാതെ മറ്റുള്ളവർക്ക് തീർച്ചയായും പഠന വിടവ് ഉണ്ടാകും എന്ന കാര്യത്തിൽ യാതൊരു തർക്കവും ഇല്ല. ഇത്തരം കുട്ടികളെ കണ്ടുപിടിച്ച് ഭാഷാപരമായി വളരെ പിന്നോക്കാവസ്ഥയിലുള്ളവരെയും ശരാശരിക്കാരെയും വേർതിരിച്ച് വ്യത്യസ്തമായ പഠന പ്രവർത്തനങ്ങൾ പ്രത്യേക സമയം കണ്ടെത്തി നൽകി മുഖ്യധാരയിൽ എത്തിക്കുകയെന്നതാണ് ഇതിൻറെ പരിഹാരം. രണ്ട് വിഭാഗം കുട്ടികൾക്കുമായി ഭാഷാപരമായ പിന്നോക്കാവസ്ഥ അതായത് അക്ഷരം അറിഞ്ഞുകൂടാത്തത്, വാക്കുകൾ എഴുതാനാകാത്തത് തുടങ്ങിവയ്ക്കായി പരിഹാരത്മക ബോധനരീതി നടപ്പിലാക്കുക ആയതിലേക്ക് പ്രവർത്തനങ്ങൾ നടത്തുക. | ജൂൺ-<br>സെപ്റ്റംബർ | പ്രഥമാധ്യാപകൻ<br><br>ഹിന്ദി<br>അധ്യാപിക<br><br>പി.റ്റി.എ |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല<br>സാമ്പത്തികം<br>മോണിറ്ററിംഗ്<br>പിന്തുണ |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുകയും വായനയിലേയ്ക്ക് കുട്ടിയെ ആകർഷിക്കുകയും ചെയ്യുക | എൽ.പി ക്ലാസുകളിൽ ഹിന്ദി ഭാഷാപഠനം ഇല്ലാത്തതുകൊണ്ട് തന്നെ ഭാഷാപരമായ പിന്നോക്കാവസ്ഥ കുട്ടികളിൽ കാണപ്പെടാറുണ്ട്. വിവിധ നിലവാരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായി കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തുകയും കുട്ടികളുടെ നിലവാരം മനസ്സിലാക്കുകയും ചെയ്യുക. അക്ഷരങ്ങളും അടയാളങ്ങളും ഉറപ്പിക്കുന്നതിനായി കാർഡുകൾ നിർമ്മിക്കുക. ശേഷം വാക്കുകളുടെ കാർഡ് നിർമ്മിക്കുക, വാക്യങ്ങൾ നിർമ്മിക്കുക. ക്ലാസിലെ തന്നെ മികച്ച കുട്ടികളേയും കൂടി ഉൾപ്പെടുത്തി **പിയർ ഗ്രൂപ്പ്** ടീച്ചിംഗ് മെത്തേഡ് കൂടി ഉൾപ്പെടുത്താം. വളരെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അധികസമയം കണ്ടെത്തി വേണം ഇത്തരം പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഒപ്പം തന്നെ ഹിന്ദി വായിക്കുന്നതിനായി കുട്ടികളിൽ താൽപര്യം ജനിപ്പിക്കുക എന്നത് വളരെ പ്രാധാന്യമേറിയ ഒരു പഠന പ്രക്രിയയാണ്. ആയതിലേക്കായി ചെറിയ ഹിന്ദി കഥാ, കവിതാ പുസ്തകങ്ങൾ പരിചയപ്പെടുത്തുക | ജൂൺ-ഡിസംബർ | ഹിന്ദി അധ്യാപിക<br>പ്രഥമാധ്യാപകൻ<br>പി.റ്റി.എ |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല<br>സാമ്പത്തികം<br>മോണിറ്ററിംഗ്<br>പിന്തുണ |
|---|---|---|---|
| വിദ്യാലയങ്ങളിൽ ഹിന്ദി അന്തരീക്ഷം ഉണ്ടാക്കുകയും ഹിന്ദി ഭാഷാപഠനത്തിലൂടെ സംസ്കാരവും ദേശസ്നേഹവും വളർത്തിയെടുക്കുക. കലാപരമായും സാഹിത്യപരമായും കുട്ടികളിലുള്ള ശേഷി വർദ്ധിപ്പിക്കുക | ഹിന്ദി മാതൃഭാഷ അല്ലാത്തതായതുകൊണ്ട് ഭാഷാ പഠനത്തിന് അതൊരു വിഘാതമായി നിലകൊള്ളുന്നുണ്ട്. അത് മറികടക്കണമെങ്കിൽ വിദ്യാലയങ്ങളിൽ ഹിന്ദിയുടേതായ ഒരു അന്തരീക്ഷ സൃഷ്ടിക്കേണ്ടത് പരമ അത്യാവശ്യമാണ് കുടുംബത്തിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും അതിനുള്ള സാധ്യത വളരെ വിരളമാണ് ഭാഷയിൽ കുട്ടിക്ക് താൽപര്യവും അറിവും ഉണ്ടായാലേ അത് സർഗ്ഗസൃഷ്ടിയിൽ എത്തിച്ചേരുകയുള്ളൂ അതിനായി വിദ്യാലയം ഹിന്ദി ഭാഷാ സൗഹൃദമായി മാറ്റുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക, വിശദ രൂപം ചുവടെ ചേർക്കുന്നു. | അക്കാദമിക് വർഷം | |
| 1. ഇന്നത്തെ വാക്ക് | ഓരോ ക്ലാസിലും ഒരു ദിവസം ഒരു പുതിയ ഹിന്ദി വാക്കും അതിന്റെ ഇംഗ്ലീഷ് മലയാളം പരിഭാഷയും കുട്ടിയിൽ എത്തിക്കുക അതിലേക്കായി എല്ലാ ക്ലാസിലും ഒരു ചെറിയ ബോർഡ് ഉപയോഗിക്കുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക പി.റ്റി.എ |
| 2. ഹിന്ദി കോർണർ | ഹിന്ദി കോർണർ എല്ലാ ക്ലാസുകളിലും തയ്യാറാക്കുന്നു കുട്ടികളുടെ ഉത്പന്നങ്ങൾ പോർട്ട് ഫോളിയോ തുടങ്ങിയവ പ്രദർശിപ്പിക്കുകയും ആകർഷകമാക്കുകയും ചെയ്യുക | | |
| 3. ഹിന്ദി അസംബ്ലി | രണ്ടാഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി പരമാവധി കുട്ടികളുടെ പങ്കാളിത്തത്തോടെ ഉറപ്പാക്കണം വാർത്തകൾ മഹത് വചനങ്ങൾ മികച്ച വായന കുറിപ്പുകളുടെ അവതരണം തുടങ്ങിയവയിലൂടെ ഹിന്ദി അന്തരീക്ഷസൃഷ്ടിക്കുക. | | ഹിന്ദി അധ്യാപിക പി.റ്റി.എ |

| | | | |
|---|---|---|---|
| 4. ദിനാചരണങ്ങൾ ഹിന്ദിയിൽ | ദിനാചരണങ്ങൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ മുന്നൊരുക്കങ്ങൾ നടത്തി ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് ആകർഷകമായ രീതിയിൽ നടത്തുന്നു | ദിനാചരണങ്ങൾ | ഹിന്ദി ക്ലബ്ബ് |
| 5. ഹിന്ദി ഫിലിം ക്ലബ്ബ് | ഹിന്ദി കാർട്ടൂൺ, ചിത്രകഥകൾ, ഡോക്യുമെന്ററികൾ, കുട്ടികളുടെ സിനിമകൾ, സിനിമാഗാനങ്ങൾ, കഥാ വ്യാഖ്യാനങ്ങൾ, കഥാവിഷ്കരണം, കവിതകളുടെ ദൃശ്യാവിഷ്കാരങ്ങൾ തുടങ്ങിയവ ഇടവേളകളിലും ഫ്രീ പീരിഡുകളിലും കാണിക്കുകയും കുട്ടിക്ക് ഭാഷാപരമായ നിപുണതയും വർദ്ധിപ്പിക്കുക | ജൂൺ - ഫെബ്രുവരി | ഹിന്ദി ഫിലിം ക്ലബ്ബ് |
| 6. ICT ഉപയോഗം കാര്യക്ഷമമാക്കുക | പാഠഭാഗങ്ങൾ ഡിജിറ്റലൈസ് ചെയ്യുക. ICT സഹായത്തോടെ പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുക. പഠനത്തിന് സഹായകരമായ വിധം വിവിധ ദൃശ്യസാമഗ്രികൾ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കുട്ടികളിൽ എത്തിക്കുക കമ്പ്യൂട്ടർ ഉപയോഗിച്ച് ഹിന്ദി ടൈപ്പിംഗ് പരിചയപ്പെടുത്തുക | അക്കാദമിക് വർഷം | ഹിന്ദി അധ്യാപിക |
| 7. ഹിന്ദി ഫെസ്റ്റ് | ഹിന്ദി ഫെസ്റ്റ് : സ്കൂൾതലത്തിൽ ഹിന്ദി ഫസ്റ്റ് നവമാധ്യമങ്ങളിലും മറ്റും ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് ആഘോഷമായി സംഘടിപ്പിക്കുക. സമ്മാനം നൽകുക. ഹിന്ദി ഭാഷയിലോ സാഹിത്യത്തിലോ പ്രസിദ്ധരെക്കൊണ്ട് ഉദ്ഘാടനം നടത്തുക, മത്സരങ്ങൾ സംഘടിപ്പിച്ച് പരമാവധി കുട്ടികളെ ഫെസ്റ്റിൽ പങ്കെടുപ്പിക്കുക | ഫെബ്രുവരി | പ്രഥമാധ്യാപകൻ<br>ഹിന്ദി അധ്യാപിക<br>പി.റ്റി.എ |